# <u>കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ</u>

<u>ബൈലോ കരട് വിജ്ഞാപനം</u>

**[കേരള മുനിസിപ്പാലിററീസ് ആക്ട് (1994 ലെ 2–ാം ആക്ട്) 567–ാം വകുപ്പ് (29)(34) ഖണ്ഡിക പ്രകാരം കണ്ണൂർ മുനിസിപ്പൽ കൗൺസിൽ തയ്യാറാക്കിയ ബൈലോ]**

1. ചുരുക്കപ്പേര് : ഈ ബൈലോ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ വകയിലുള്ള വിനോദ പാർക്കുകളുടെ നടത്തിപ്പ് ബൈലോ എന്ന പേരിൽ അറിയപ്പെടും.

2. ആരംഭം: ഈ ബൈലോ ഉടൻ നടപ്പിൽ വരുന്നതാണ്.

3. വ്യാപ്തി:ഇതിന്റെ വ്യാപ്തി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ പരിധിക്കുള്ളിലായിരിക്കും

4. **<u>നിർവചനങ്ങൾ</u>**

    1. 'കൗൺസിൽ' എന്നാൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ എന്നർത്ഥമാകുന്നു.
    2. 'പാർക്ക്' എന്നാൽ കണ്ണൂർ നഗരസഭാ പരിധിയിലെ വിനോദത്തിനുള്ള പാർക്ക് എന്നർത്ഥമാകുന്നു.
    3. 'എഞ്ചിനീയറിംഗ് വിഭാഗം' എന്നാൽ കണ്ണൂർ കോർപ്പറേഷൻ എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗം എന്നർത്ഥമാക്കേണ്ടുന്നതാണ്.
    4. 'ലൈസൻസി' എന്നാൽ വിനോദ പാർക്കിന്റെ ലൈസൻസവകാശം ലൈസൻസ് ഫീസ് വ്യവസ്ഥയിൽ കരാർ ഏറ്റെടുത്ത് ഒപ്പുവെച്ച ലൈസൻസി എന്നർത്ഥമാകുന്നു.
    5. 'മേൽനോട്ട സമിതി' എന്നാൽ വിനോദ പാർക്കുകളുടെ പ്രവർത്തന മേൽനോട്ടത്തിനായി കണ്ണൂർ നഗരസഭാ കൗൺസിൽ ചുമതലപ്പെടുത്തിയ മേൽനോട്ട സമിതി എന്നർത്ഥമാകുന്നു.
    6. 'സെക്രട്ടറി' എന്നാൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി എന്നർത്ഥമാകുന്നു.
    7. 'നഗരസഭാ സ്റ്റിയറിംഗ് കമ്മിറ്റി' എന്നാൽ കേരള മുനിസിപ്പൽ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള കണ്ണൂർ കോർപ്പറേഷനിലെ സ്റ്റിയറിംഗ് കമ്മിറ്റി എന്നർത്ഥമാകുന്നു.
    8. 'കോർപ്പറേഷൻ' എന്നാൽ കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാക്കേണ്ടതാണ്.

**<u>പാർക്കുകളുടെ നടത്തിപ്പ്</u>**

1. കാന്റീൻ/കടമുറി/ബങ്ക്, ഓപ്പൺ സ്റേറജ്, വിനോദ ഉപാധികൾ, വ്യായാമ ഉപകരണങ്ങൾ, പ്ലേഫീൽഡുകൾ, ശൗചാലയം, കുടിവെള്ള സൗകര്യം, സ്ട്രീററ് ലൈറ്റ് മുതലായവ ഉൾപ്പെടുന്ന വിനോദ പാർക്കുകൾ നടത്തുന്നതിനുള്ള അവകാശം പൊതു ലേലം/ടെൻഡർ മുഖേന അനുവദിക്കുന്നതാണ്.
2. പാർക്ക് നടത്തിപ്പിനായുള്ള പൊതു ലേലത്തിൽ/ ടെൻഡറിൽ വ്യക്തികൾ, സ്ഥാപനങ്ങൾ, സഹകരണ സംഘടനകൾ, ബാങ്കുകൾ, സന്നദ്ധ സംഘടനകൾ, NGO മുതലായവർക്ക് പങ്കെടുക്കാവുന്നതാണ്. എന്നാൽ ലേലം/ടെൻഡറിൽ പങ്കെടുക്കുന്നവരുടെ വിശ്വാസ്യത, ഈ വിഷയത്തിലുള്ള മുൻപരിചയം, സോഷ്യൽ സ്റ്റാററസ് തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് നഗരസഭ കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

3. നഗരസഭ വസ്തു വകകൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച നിലവിലുള്ള വ്യവസ്ഥകൾക്കനുസരിച്ചായിരിക്കും ലേലം/ടെൻഡർ നടത്തുന്നത്
4. പാർക്ക് നടത്തിപ്പ് സംബന്ധിച്ച് നഗരസഭ കൗൺസിൽ നിശ്ചയിക്കുന്ന വാർഷിക ലൈസൻസ് ഫീസ് നിരക്കിന്മേലായിരിക്കും ലേലം/ടെൻഡർ നടത്തുന്നത്
5. ലൈസൻസ് ഫീസിന് പുറമേ കൗൺസിൽ നിശ്ചയിക്കുന്ന ഒരു സംഖ്യ ഡെപ്പോസിററായും ലൈസൻസി ഒടുക്കേണ്ടതാണ്. ടി തുക ലൈസൻസ് കാലാവധിക്ക് ശേഷം പലിശയില്ലാതെ തിരികെ നൽകുന്നതാണ്
6. ലേലം/ടെൻഡർ നിരക്ക് കൗൺസിൽ അംഗീകരിച്ച് കഴിഞ്ഞ് ആയത് പ്രകാരമുള്ള തുകയും ഡെപ്പോസിററ് സംഖ്യയും ലൈസൻസി മുൻകൂറായി അടച്ച് കരാർ ഉടമ്പടി ഒപ്പുവെക്കേണ്ടതാണ്. ലൈസൻസ് ഫീസിനോടൊപ്പം കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഇതര നികുതികളും അടവാക്കാൻ ലൈസൻസി ബാദ്ധ്യസ്ഥനായിരിക്കും.
7. ലൈസൻസ് കാലാവധി മൂന്ന് വർഷത്തേക്കായിരിക്കും ആദ്യമായി അനുവദിക്കുക. തുടർന്നും ലൈസൻസവകാശം ആവശ്യമുള്ള പക്ഷം കരാർ കാലാവധി തീരുന്നതിന് 90 ദിവസം മുമ്പ് ലൈസൻസി രേഖാമൂലം അപേക്ഷിക്കേണ്ടതും നഗരസഭ കൗൺസിലിന് ബോദ്ധ്യപ്പെടുന്ന പക്ഷം നിലവിലുള്ള ലൈസൻസ് ഫീസ് നിരക്കിൽ വ്യത്യാസം വരുത്തിക്കൊണ്ട് കാലാവധി പുതുക്കി നൽകുന്നതുമാണ്
8. പാർക്ക്, പാർക്കിലെ സാധനങ്ങൾ/ഉപകരണങ്ങൾ എന്നിവയുടെ പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവയുടെ ഉത്തരവാദിത്തം ലൈസൻസിക്ക് മാത്രമായിരിക്കും പാർക്കിന്റെ നടത്തിപ്പ് കാലാവധി അവസാനിക്കുമ്പോൾ പാർക്കിനോ പാർക്കിലെ സാധന സാമഗ്രികൾക്കോ ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടം സംഭവിച്ചുട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം ആയതിന് തത്തുല്യമായ സംഖ്യ കോർപ്പറേഷനിൽ അടവാക്കുന്നതിന് ലൈസൻസി ബാധ്യസ്ഥനായിരിക്കുന്നതാണ്.
9. പാർക്കിന്റെ നവീകരണ/പരിപാലന പ്രവൃത്തികൾ നഗരസഭ കൗൺസിലിന്റെ മുൻകൂർ അനുമതിയോടെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും ലൈസൻസി സ്വന്തം ചെലവിൽ നിർവഹണം നടത്തേണ്ടതാണ്. പാർക്ക് ആകർഷകമാക്കുന്നതിനുള്ള പെയിന്റിംഗ് പ്രവൃത്തികൾ, വൈദ്യുതി ദീപാലങ്കാരം, ഇരിപ്പിടം മെയിന്റനൻസ് മുതലായ പ്രവർത്തികളും ഇതിൽ ഉൾപ്പെടുന്നതാണ് .
10. പാർക്കിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല നഗരസഭാ സ്റ്റിയറിംഗ് കമ്മിററി, വാർഡ് കൗൺസിലർ, നഗരസഭാ സെക്രട്ടറി, സൂപ്രണ്ടിംഗ് എഞ്ചിനീയർ, CCM എന്നിവരടങ്ങിയ പ്രത്യേക കമ്മിററിക്കായിരിക്കും. പ്രസ്തുത കമ്മിററിയുടെ ശുപാർശ പ്രകാരം പാർക്കിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നഗരസഭ നടത്തുന്നതായിരിക്കും. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ മൂലം പാർക്കിൽ വരുമാനം വർദ്ധിക്കാനിട വന്നാൽ ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തുന്നതിന് നഗരസഭാ കൗൺസിലിന് അധികാരമു ണ്ടായിരിക്കുന്നതാണ്.
11. പാർക്കിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭാ കൗൺസിലിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതും ആയത് തടസ്സപ്പെടുത്തുന്നതിന് ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതുമല്ല.
12. പാർക്കിന്റെ പ്രവർത്തന സമയം രാവിലെ 6 മണിമുതൽ രാത്രി 10 മണിവരെ മാത്രമായിരിക്കും. രാവിലെ 6 മണിക്ക് മുൻപോ രാത്രി 10 മണിക്ക് ശേഷമോ പാർക്കിനകത്ത് ആൾക്കാർ പ്രവേശിക്കുന്നത് ലൈസൻസി തടയേണ്ടതും, അപ്രകാരം പ്രവർത്തിക്കാത്തതു മൂലമുണ്ടാകുന്ന എല്ലാ ക്രമസമാധാന പ്രശ്നങ്ങൾക്കും ലൈസൻസി മാത്രം ഉത്തരവാദിയാകുന്നതുമായിരിക്കും.

13. പാർക്കിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സുരക്ഷാ ജീവനക്കാർ, തൊഴിലാളികൾ എന്നിവരെ ലൈസൻസി സ്വന്തം ചെലവിൽ നിയമിക്കേണ്ടതാണ്. ടി ജീവനക്കാർ പാർക്കിലെ സന്ദർശകരോട് മാന്യമായി പെരുമാറേണ്ടതാണ്. പാർക്കിനകത്ത് ഉണ്ടായേക്കാവുന്ന എല്ലാവിധ അനിഷ്ട സംഭവങ്ങളും നേരിട്ട് ഇടപെട്ടും, നിയമപരമായും പരിഹരിക്കേണ്ടത് ലൈസൻസിയുടെ പൂർണ്ണ ഉത്തരവാദിത്വമായിരിക്കുന്നതാണ്.ഇക്കാര്യത്തിൽ നഗരസഭ കൗൺസിലിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല. പാർക്കിനകത്തേക്കുള്ള പ്രവേശനഫീസ്, പാർക്കിലെ വ്യായാമ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് എന്നിവ നിശ്ചയിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും (അധിക സൗകര്യങ്ങളൊരുക്കുമ്പോൾ ടി നിരക്ക് പുന:പരിശോധിക്കുന്നതുമായിരിക്കും)
14. പാർക്കിനകത്തെ കാൻറീൻ നടത്തുന്നതിന് ആവശ്യമായ നിയമാനുസൃത ലൈസൻസുകൾ ലൈസൻസി വാങ്ങേണ്ടതാണ്. കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ പാർക്കിലോ, മതിലിലോ യാതൊരുവിധ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾ ലൈസൻസി നടത്താൻ പാടില്ലാത്തതാണ്.
15. പാർക്കിനകത്തേക്കുള്ള പ്രവേശന ഫീസ്, പാർക്കിനകത്ത് വ്യായാമത്തിനായുള്ള ഉപകരണങ്ങൾക്കുള്ള ഫീസ് എന്നിവ നഗരസഭാ കൗൺസിൽ നിർദ്ദേശിക്കുന്ന നിരക്കിൽ മാത്രമായിരിക്കേണ്ടതാണ്. ആയതിലേക്കായുള്ള ടിക്കററ് വെന്റിംഗ് മെഷീൻ നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ടിക്കററ് മുഖാന്തിരമാണ് ഫീസീടാക്കുന്നതെങ്കിൽ ആയതിന്മേൽ നഗരസഭാ ഓഫീസ് സീൽ പതിപ്പിക്കേണ്ടതുമാണ്.
16. പാർക്കിനകത്ത് ഉപയോഗിക്കുന്ന വാട്ടർ, ഇലക്ട്രിസിററി കണക്ഷനുകളുടെ ബിൽ ലൈസൻസി സ്വന്തം ചെലവിൽ അടവാക്കേണ്ടതാണ്.
17. പാർക്കിന്റെ സുരക്ഷക്കായി മതിയായ ശേഷിയുള്ള CCTV ക്യാമറ കോർപ്പറേഷൻ ചെലവിൽ സ്ഥാപിക്കുന്നതാണ്. ആയതിന്റെ പരിപാലന ചുമതല ലൈസൻസിക്കായിരിക്കും.
18. ലൈസൻസ് കാലയളവിൽ പാർക്കിനകത്തെ വാട്ടർ കണക്ഷൻ, വൈദ്യുതി കണക്ഷൻ എന്നിവയ്ക്കുണ്ടായേക്കാവുന്ന എല്ലാവിധ റിപ്പയറിംഗ് പ്രവർത്തികളും ലൈസൻസി സ്വന്തം ചെലവിൽ നിർവഹണം നടത്തേണ്ടതാണ്. വൈദ്യുതി, കുടിവെള്ളം എന്നിവയ്ക്ക് തടസ്സം വരുന്ന പക്ഷം ലൈസൻസി സ്വന്തം ചെലവിൽ പകരം സംവിധാനമൊരുക്കേണ്ടതാണ്.
19. പാർക്കിനകത്ത് ഉണ്ടായേക്കാവുന്ന എല്ലാ മാലിന്യങ്ങളും ലൈസൻസി സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്ത് നിയമാനുസരണം സംസ്കരിക്കേണ്ടതാണ്. പാർക്കിനകത്ത് ഹരിത പ്രോട്ടോകോൾ കർശനമായും പാലിക്കേണ്ടതാണ്
20. പാർക്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സന്ദർശകർക്ക് അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സന്ദർശക ഡയറി ലൈസൻസി പാർക്കിൽ സൂക്ഷിക്കേണ്ടതും, ആയത് എല്ലാ മാസവും മേൽനോട്ട സമിതി മുമ്പാകെ ഹാജരാക്കേണ്ടതുമാണ്.
21. പാർക്ക് ശുചീകരണം, സെപ്റ്റിക് ടാങ്ക് ക്ലീനിങ് എന്നിവ അതാത് കാലത്തെ എഗ്രിമെൻറ് വ്യവസ്ഥകൾ പ്രകാരം ലൈസൻസി നടത്തേണ്ടതാണ്.
22. പാർക്ക് നടത്തിപ്പ് സംബന്ധിച്ച ലൈസൻസവകാശം കൈമാററം ചെയ്യാനോ, കീഴ് കരാർ നൽകാനോ, പങ്കാളികളെ ചേർക്കാനോ ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

23. നഗരസഭാ കൗൺസിലിന്റെ നിയമാനുസരണമുള്ള അനുമതി കൂടാതെ പാർക്കിലോ മതിലിൻമേലോ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ലൈസൻസിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.
24. ലൈസൻസി മരണപ്പെടുന്ന സാഹചര്യത്തിൽ ലൈസൻസിയുടെ അനന്തരവകാശികൾ അപേക്ഷിക്കുന്ന പക്ഷം അവരുടെ പേരിലേക്ക് ലൈസൻസവകാശം മാററി നൽകുന്നതാണ്.
25. ലൈസൻസി മരണപ്പെടുകയോ നിർദ്ധനനാവുകയോ ചെയ്താൽ ലൈസൻസുകാരന്റെ അവകാശികളോ, പിന്തുടർച്ചക്കാരോ അവരുടെ സ്വത്തുക്കളോ ലൈസൻസ് സംബന്ധിച്ച നിബന്ധനകൾ നിറവേററുന്നതിന് ബാധ്യതപ്പെട്ടിരിക്കുന്നതായിരിക്കും. എന്നാൽ, ലൈസൻസ് അവകാശം തുടരേണ്ടതില്ലെന്ന് കൗൺസിൽ തീരുമാനിക്കുന്ന പക്ഷം കരാർ കാലാവധി അവസാനിപ്പിക്കുന്നതാണ്.
26. പണിമുടക്ക്, ഹർത്താൽ, നിരോധനാജ്ഞ മുതലായ കാരണങ്ങളാൽ പാർക്കിൽ പ്രവേശി പ്പിക്കാൻ കഴിയാതെ വന്നാൽ ആയത് പ്രകാരം ലൈസൻസ് ഫീസിൽ ഇളവ് അവകാശപ്പെടാൻ ലൈസൻസിക്ക് അനുവാദമുണ്ടായിരിക്കുന്നതല്ല. എന്നാൽ, പ്രകൃതിക്ഷോഭം പകർച്ചവ്യാധി മുതലായ കാരണങ്ങളാൽ ദീർഘകാലം ലൈസൻസവകാശം ഉപയോഗിക്കാൻ കഴിയാതെ വന്നാൽ കൗൺസിൽ തീരുമാനപ്രകാരം KM ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ലൈസൻസിക്ക് ആനുപാതിക ഇളവ് അനുവദിക്കുന്നതായിരിക്കും.
27. പാർക്കിലെ ഓപ്പൺ സ്റേറജിൽ പൊതുപരിപാടി നടത്തുന്നതിന് ലൈസൻസി കോർപ്പറേഷനിൽ നിന്നും ഇതര സർക്കാർ വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതികൾ മുൻകൂട്ടി ലഭ്യമാക്കേണ്ടതാണ്. ടി സ്റേറജിൽ കലാ–സാംസ്കാരിക പരിപാടികൾ നടത്താവുന്നതാണ്. കേന്ദ്ര–സംസ്ഥാന സർക്കാറുകൾ നിരോധിച്ച സംഘടനകളുടെയും, രാഷ്ട്രീയപാർട്ടികളുടെയും പരിപാടികൾക്കായി ഓപ്പൺ സ്റേറജ് അനുവദിക്കാൻ പാടില്ലാത്തതാണ്. ടി സ്റേറജിൽ രാഷ്ട്രീയ ലഹളയോ, സാമുദായിക കലാപമോ ഉണ്ടാകാനിടയുള്ള പരിപാടികൾ നടത്തുന്നതിന് അനുവാദം നൽകാവുന്നതല്ല.
28. നഗരസഭ കൗൺസിലോ, സെക്രട്ടറിയോ ചുമതലപ്പെടുത്തുന്ന ജനപ്രതിനിധികൾ, ജീവനക്കാർ എന്നിവർക്ക് പാർക്ക് പ്രവർത്തിക്കുന്ന ഏത് സമയത്തും പാർക്കിൽ പരിശോധന നടത്താനും, വ്യവസ്ഥകൾ ഏതെങ്കിലും ലംഘിക്കുന്നതായി കണ്ടെത്തിയാൽ തുടർനടപടികൾക്കായി ശുപാർശ ചെയ്യാനും അധികാരമുണ്ടായിരിക്കും. ആയത് തടസ്സപ്പെടുത്തുന്നതിന് ലൈസൻസിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.
29. പാർക്ക് നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങളുണ്ടാകുന്ന പക്ഷം ലൈസൻസിക്ക് മേൽനോട്ട സമിതി മുമ്പാകെ വിഷയം അവതരിപ്പിക്കാവുന്നതും മേൽനോട്ടസമിതിയുടെ ശുപാർശ പ്രകാരം നഗരസഭ കൗൺസിൽ യുക്തമായ തീരുമാനമെടുക്കുന്നതുമായിരിക്കും. ടി തീരുമാനം അന്തിമമായിരിക്കുന്നതും ആയത് അനുസരിക്കാൻ ലൈസൻസി ബാധ്യസ്ഥനായിരിക്കുന്നതുമാണ്.
30. പാർക്ക് നടത്തിപ്പ് സംബന്ധിച്ച നിയമപരമായ തർക്കങ്ങൾ കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേററ് കോടതി മുമ്പാകെ ആയിരിക്കേണ്ടതാണ്.
31. പാർക്കുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും ഇതിനും ബാധകമായിരിക്കും.

സെക്രട്ടറി
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ